**"ഭരണഭാഷ - മാതൃഭാഷ"**

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ നടപടി ഉത്തരവ്**

പുറപ്പെടുവിക്കുന്നത് : വി.ഗോപിനാഥൻ

**വിഷയം:** കാട്ടുതീ പ്രതിരോധം - വയനാട് വന്യജീവിസങ്കേതം അടച്ചിടുന്നത് സംബന്ധിച്ച്.

**പരാമർശം:**
1) 25-02-2013-ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ നടപടി ഉത്തരവ്.
2) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്), പാലക്കാടിന്റെ 15-4-2013-ലെ പി1-722/13 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ : WL4-8273/13 തീയതി : 15-4-2013**

വയനാട് വന്യജീവിസങ്കേതത്തിന്റെ മാനേജ്മെന്റ് പ്ലാനിലെ വ്യവസ്ഥകൾക്ക് വിധേയമായി, കാട്ടുതീ സാദ്ധ്യത, വന്യജീവികളുടെ സൈ്വരവിഹാരം, സന്ദർശകരുടെ സുരക്ഷ എന്നിവ പരിഗണിച്ച് 2013 മാർച്ച് മാസം 1-ാം തീയതി മുതൽ ഏപ്രിൽ മാസം 15-ാം തീയതി വരെ വയനാട് വന്യജീവി സങ്കേതത്തിനുള്ളിലേയ്ക്കുള്ള സന്ദർശകരുടെ പ്രവേശനം നിരോധിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

വയനാട്ടിൽ ലഭിച്ച ഇടമഴ മുത്തങ്ങ, തോൽപ്പെട്ടി റെയിഞ്ചുകളിൽ ലഭിക്കാത്തതിനാൽ കാട്ടുതീ സാദ്ധ്യത കൂടുതലാണെന്നതും മെയ് മാസത്തിലെ ഇടമഴയ്ക്കുള്ള സാദ്ധ്യത കണക്കിലെടുത്തും പാലക്കാട് വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ സൂചന 2-ലെ ശുപാർശ പരിഗണിച്ച് വയനാട് വന്യജീവിസങ്കേതത്തിലേയ്ക്കുള്ള സന്ദർശകരുടെ പ്രവേശന

ത്തിനുള്ള നിരോധനം 2013 ഏപ്രിൽ മാസം 30-ാം തീയതി വരെ ദീർഘിപ്പിച്ചുകൊണ്ട് ചീഫ് വൈൽഡ്ലൈഫ് വാർഡനായ വി.ഗോപിനാഥൻ എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

വി.ഗോപിനാഥൻ
**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &**
**ചീഫ് വൈൽഡ്ലൈഫ് വാർഡൻ**

1) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) പാലക്കാടിന് അനന്തര നടപടികൾക്കായി അയയ്ക്കുന്നു.

2) വയനാട് വൈൽഡ്ലൈഫ് വാർഡന് തുടർനടപടികൾക്കായി അയയ്ക്കുന്നു.

FMJS.

E\Robin\2013